**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3401** | **04-08-2021 - ൽ മറുപടിയ്ക്ക്**

**മഹിളാ കിസാൻ ശാക്തീകരണ പരിയോജന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി.) പദ്ധതിയുടെ സംസ്ഥാനത്തെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.കെ.എസ്.പി 2020 മാർച്ച് 31 ന് അവസാനിച്ചു. കേരളത്തിൽ ഗ്രാമവികസന വകുപ്പ്, കുടുംബശ്രീ എന്നിവർ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഗ്രാമവികസന വകുപ്പ് എം.കെ.എസ്.പി പദ്ധതിയുടെ എക്സിറ്റ് പോളിസിയുടെ ഭാഗമായി രൂപീകരിച്ച ഫെഡറേഷനുകളും ഗ്രാമപഞ്ചായത്ത്തല ലേബർ ബാങ്കുകളും തുടർ പ്രവർത്തനം നടത്തി വരുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കാർഷിക പ്രവർത്തനങ്ങൾ വ്യാപകമായി നടത്തുന്നതിൽ കുറവ് വന്നിട്ടുണ്ട്. കുടുംബശ്രീ പദ്ധതി കാലയളവിൽ 14 ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കുകയുണ്ടായി. 1,50,000 വനിതകളെ കാർഷികവൃത്തിയിലേക്ക് കൊണ്ടുവന്ന് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുക, 30,000 കൃഷിസംഘങ്ങളിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൻറെ ഭാഗമായി 24,000 ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കുക തുടങ്ങി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പദ്ധതി കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | എം.കെ.എസ്.പി. പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | ഗ്രാമവികസന വകുപ്പ് കേന്ദ്രവിഹിതം - 22,71,00,000/- രൂപ ത്രിതല പഞ്ചായത്തുകൾ - 14,24,05,122/- രൂപ പലിശ - 6,66,68,498/- രൂപ മറ്റ് വരവുകൾ - 29,18,407/- രൂപ ആകെ - 43,90,92,027/- രൂപ ആകെ 43,90,92,027/- രൂപ ലഭ്യമായതിൽ 41,09,62,992/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ കേന്ദ്രവിഹിതം - 30.168 കോടി രൂപ സംസ്ഥാന വിഹിതം - 18.45 കോടി രൂപ ആകെ - 48.618 കോടി രൂപ ആകെ 48.618 കോടി രൂപ ലഭ്യമായതിൽ 45.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവയിൽ ഭരണനിർവ്വഹണം, മെഷീനറി വാങ്ങൽ, പരിശീലനം എന്നിവയ്ക്കായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഗ്രാമവികസന വകുപ്പ് ഭരണ നിർവ്വഹണം - 7,16,75,190/- രൂപ മെഷിനറി വാങ്ങൽ - 10,81,63,849/- രൂപ പരിശീലനം - 15,82,67,918/- രൂപ കുടുംബശ്രീ ഭരണ നിർവ്വഹണം - 5,26,74,007/- രൂപ മെഷിനറി വാങ്ങൽ - 13,57,58,222/- രൂപ പരിശീലനം - 27,06,90,775/- രൂപ |
| (ഡി) | മെഷീനറി വാങ്ങൽ, പരിശീലനം എന്നിവ ഏത് വിധത്തിലാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (ഡി) | ഗ്രാമവികസന വകുപ്പ് പദ്ധതിക്കായുള്ള മെഷിനറി സർക്കാർ- സഹകരണ സ്ഥാപനങ്ങളായ കാംകോ, റെയ്ഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. പരിശീലനം കില, ഗ്രീൻ ആർമി, മൈത്രി എന്നീ സ്ഥാപനങ്ങളാണ് നടത്തിയിട്ടുള്ളത്. കുടുംബശ്രീ ജില്ലകളിൽ തെരഞ്ഞെടുത്ത കുടുംബശ്രീ സി.ഡി.എസുകളിലേക്ക് തുക അനുവദിക്കുകയും സി.ഡി.എസിൻറെ നേതൃത്വത്തിൽ ആവശ്യമായ മെഷിനറികൾ വാങ്ങുകയുമാണ് ചെയ്തത്. കപ്പാസിറ്റി ബിൽഡിംഗ്, സാങ്കേതിക പരിശീലനം, മെക്കനൈസേഷൻ പരിശീലനം എന്നീ മൂന്ന് മേഖലകളിലായാണ് പരിശീലനം സംഘടിപ്പിച്ചത്. ജില്ലകളിലെ വിവിധ ഭാഗങ്ങളിലെ മികച്ച കർഷകർ, കാർഷിക വകുപ്പ്/കാർഷിക ഗവേഷണ കേന്ദ്രം/കെ.വി.കെ/മറ്റു കാർഷിക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ , കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ എന്നിവരാണ് പരിശീലനം നയിച്ചത്. |
| (ഇ) | എം.കെ.എസ്.പി. പദ്ധതിയുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഭാവിയിൽ നടപ്പാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ഇ) | എം.കെ.എസ്.പി പദ്ധതി 2020 മാർച്ച് 31-ന് അവസാനിച്ചു. |
| (എഫ്) | എം.കെ.എസ്.പി. പദ്ധതി കൊണ്ട് നാളിതുവരെയുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (എഫ്) | യന്ത്രവൽകൃത നെൽകൃഷിയിലൂടെ സ്ത്രീകളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുവാനും, വരുമാനം വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. 35,000-ഓളം സ്ത്രീകൾക്ക് പരിശീലനം നൽകുവാനും, നെൽകൃഷി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്. 50,000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുകയും, അതിലൂടെ 338202വനിതാ കർഷകർക്ക് നേട്ടം ലഭിക്കുകയും ചെയ്തു. 971 ഫാം ഫെസിലിറ്റേഷൻ സെൻററുകൾ ആരംഭിച്ചു. 20 ലക്ഷം അയൽക്കൂട്ട അംഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ ഭവനം രൂപീകരിച്ചു. 426 പ്ലാൻറ് നഴ്സറികൾ സ്ഥാപിച്ചു. 220 ബഡ്സ് സ്കൂളുകളിൽ പച്ചക്കറി കൃഷി നടത്തി. 1921 ട്രൈബൽ ജെ.എൽ.ജി രൂപീകരിച്ചു. 494 ഹെക്ടർ ഭൂമിയിൽ മെഡിസിനൽ പ്ലാൻറ് |

| | | | |
|---|---|---|---|
| | | | കൾട്ടിവേഷൻ നടത്തി 124 ബയോഫാർമസികൾ ആരംഭിച്ചു. 4 ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ